പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3818

17.10.2011-ൽ മറുപടിയ്ക്കു്

## അമ്പലപ്പുഴ ക്ഷേത്രത്തിന്റെ സമഗ്രവികസനം

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. | |
|---|---|---|---|
| (എ) | പ്രസിദ്ധമായ അമ്പലപ്പുഴ ക്ഷേത്രത്തിന്റെ സമഗ്രവികസനത്തിനായി ബോർഡ് നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | അമ്പലപ്പുഴ ദേവസ്വത്തിന്റെ വികസനത്തിന്റെ ഭാഗമായി അമ്പലക്കുള നവീകരണം, വിളക്കുമാടത്തിന്റെ പുനരുദ്ധാരണം, ഗുരുവായൂരപ്പൻ ഊട്ടുപുര, പാൽപ്പായസപുര എന്നിവയുടെ നവീകരണം, ആനത്തറിയുടെ നിർമ്മാണം, പൂന്തോട്ട നിർമ്മാണം എന്നിവ ചെയ്തു തീർത്തിട്ടുള്ളതാണ്. മാളികകളുടെ നവീകരണം, ഗോശാല പുനർനിർമ്മാണം, നാടകശാല നവീകരണം, മ്യൂസിയം നിർമ്മാണം എന്നിവയ്ക്കുവേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. ശബരിമല ഇടത്താവളമായ ഇവിടെ അയ്യപ്പ ഭക്തർക്ക് സൗകര്യങ്ങൾ ചെയ്യുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | വിശിഷ്ടമായ പാൽപ്പായസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കോടതി നിർദ്ദേശമനുസരിച്ചുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | വിശിഷ്ടമായ പാൽപ്പായത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതാണ്. ബോർഡ് വിജിലൻസ് വിഭാഗം സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി നൽകിയ റിപ്പോർട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പാൽപ്പായസം കരിഞ്ചന്തയിൽ വിൽപ്പന നടത്തുന്നതു തടയാൻ സാധിച്ചിട്ടുണ്ടോ; | (സി) | സാധിച്ചിട്ടുണ്ട്. |
| (ഡി) | പാൽപ്പായസ നിർമ്മാണത്തിലെ യഥാർത്ഥ പടിത്തരം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (ഡി) | പാൽപായസം യഥാർത്ഥ പടിത്തര പ്രകാരമാണ് നിർമ്മിക്കുന്നത്. |
| (ഇ) | ഭക്തജനങ്ങൾക്കാവശ്യമായ അളവിൽ പായസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ